**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1962** **01-09-2022 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. മുഖേനയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ പി.എസ്.സി. മുഖേന എത്ര പേർക്കാണ് നിയമനം നൽകിയതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജൂൺ 2022 വരെ വിവിധ വകുപ്പുകളിലായി **25,689 (ഇരുപത്തയ്യായിരത്തി അറുന്നൂറ്റി എൺപത്തിയൊൻപത്)** നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.<br><br>നിയമന ശുപാർശയുടെ വകുപ്പ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | എത്ര പേർക്കാണ് നിയമന ശുപാർശ നൽകിയതെന്ന് വകുപ്പ് അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജൂൺ 2022 വരെ വിവിധ വകുപ്പുകളിലായി **25,689 (ഇരുപത്തയ്യായിരത്തി അറുന്നൂറ്റി എൺപത്തിയൊൻപത്)** നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.<br><br>നിയമന ശുപാർശയുടെ വകുപ്പ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |
| (സി) | നിലവിൽ എത്ര ഒഴിവുകളാണ് വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവ എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ളതെന്ന് തസ്തിക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; | (സി) | പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് കൃത്യമായി പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>തസ്തിക തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ഡി) | പി.എസ്.സി. പരീക്ഷകൾ നടത്തുന്നതിനായി നടപ്പിലാക്കിയ പരിഷ്കാരങ്ങളെ സംബന്ധിച്ച് വിശദമാക്കാമോ? | (ഡി) | വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി പി എസ് സി നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ, പരീക്ഷ എഴുതുമെന്നുള്ള കൺഫർമേഷൻ നൽകണമെന്ന പരിഷ്കാരത്തിലൂടെ പരീക്ഷാ കേന്ദ്രങ്ങൾ കൂടുതൽ കാര്യക്ഷമമായി തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനുള്ള ഹാൾടിക്കറ്റ് പരീക്ഷാ തീയതിക്ക് 15 ദിവസം മുൻപ് അവരവരുടെ പ്രൊഫൈലിൽ അയച്ചുനൽകുന്നുണ്ട്. പരീക്ഷകൾക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികളുടെ |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ ഓൺലൈനായി പരീക്ഷാ സമയത്ത് തന്നെ പരീക്ഷാ കേന്ദ്രങ്ങളിൽ നിന്ന് ആസ്ഥാന ഓഫീസിൽ ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>നിയമനങ്ങൾ കൂടുതൽ വേഗത്തിലും, സുതാര്യമായും നടത്തുന്നതിനായി പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിന് ആവശ്യമായ നടപടികൾ പി.എസ്.സി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി യുടെ സ്വന്തം ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളിലും, സംസ്ഥാനത്തെ വിവിധ ഗവൺമെന്റ്/സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലും ഓൺലൈൻ പരീക്ഷകൾ നടത്തിവരുന്നു. റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി എസ്.എസ്.എൽ. സി, പ്ലസ് ടു, ഡിഗ്രി എന്നിവ അടിസ്ഥാന യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് എസ്.എസ്.എൽ.സി ലെവൽ, പ്ലസ്ടു ലെവൽ, ഡിഗ്രി ലെവൽ എന്നിങ്ങനെ പൊതു പ്രാഥമിക പരീക്ഷകൾ നടത്തിയതിനു ശേഷം ഫൈനൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ